**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 686** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ വായ്പ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് വിതരണം ചെയ്ത കാർഷിക വായ്പ തുക ആകെ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ 2025-26 സാമ്പത്തിക വർഷം 1843കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ ,30.09.2026 ലെ കണക്ക് പ്രകാരം 743കോടി രൂപയും കർഷകർക്ക് വായ്പയായി വിതരണം ചെയ്തിട്ടുണ്ട് .

**(ബി)** കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ചെറുകിട-നാമമാത്ര കർഷകർക്ക് പ്രത്യേക കടാശ്വാസ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ചെറുകിട-നാമമാത്ര കർഷകർക്ക് പ്രത്യേക കടാശ്വാസ പദ്ധതി നിലവിലില്ല. നിലവിൽ കേരള കടാശ്വാസ കമ്മീഷൻ ഇത്തരം വായപകൾക്ക് ഇളവ് അനുവദിച്ച് വരുന്നുണ്ട്.

**(സി)** കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റീ(പി.എ.സി.എസ്സ് )കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് സഹകരണ ഉൽപ്പന്നങ്ങളുടെ സംഭരണം,ഉൽപ്പാദനം,സംസ്കരണം ,തരംതിരിക്കൽ,ഗ്രേഡിംഗ്,വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ള “സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം,കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം” എന്ന പദ്ധതിയിൽ 2026-27 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 340 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം,പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ,നിലവിലുള്ള ഔട്ട് ലെറ്റുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി പ്രാഥമിക സംഘങ്ങൾക്കുള്ള സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ, കാർഷിക ഉൽപ്പന്നങ്ങളുടെ

ഉൽപ്പാദനം,സംയോജനം,സംഭരണം,മൂല്യവർദ്ധന,വിപണനം എന്നിവ ഉദ്ദേശിച്ച് കൊണ്ടുള്ള സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭം(CITA) പദ്ധതിയിൽ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**(ഡി)** കർഷകരിൽ നിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

**മറുപടി:** ഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് സഹകരണ ഉൽപ്പന്നങ്ങളുടെ സംഭരണം,ഉൽപ്പാദനം,സംസ്കരണം ,തരംതിരിക്കൽ,ഗ്രേഡിംഗ്,വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ള "സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം,കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" പദ്ധതിയിൽ **2026-27** സാമ്പത്തിക വർഷം ബഡ്ജറ്റിൽ **340** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം,പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കൽ,നിലവിലുള്ള ഔട്ട് ലെറ്റുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി പ്രാഥമിക സംഘങ്ങൾക്കുള്ള സഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമിക മേഖലയിലെ വിവിധ ഏജൻസികളുമായി ഏകോപനം ഉറപ്പാക്കി കേരളത്തിലെ കാർഷിക വിപണന മേഖലയിലെ മുൻനിര സ്ഥാപനമായ മാർക്കറ്റ്ഫെഡ്,അഫിലിയേറ്റഡ് സഹകരണ സ്ഥാപനങ്ങൾ,എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തൽ പദ്ധതിയിൽ **2026-27** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ **1250.00** ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**